(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഹൗസിംഗ് ബോർഡിൽ കോൺട്രാക്ട് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്രവീതം നിയമനങ്ങൾ നടത്തിയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം തൊഴിൽ റിക്രൂട്ട്മെന്റ് ഏജൻസി വഴിയാണ് ഈ നിയമനങ്ങൾ നടത്തിയത് ;

(ഡി) ഇപ്രകാരം നിയമനം ലഭിച്ചവരുടെ ശമ്പളസ്കെയിൽ എത്ര വീതമാണ് ;

(ഇ) പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും നിലവിലുള്ളപ്പോൾ സ്വകാര്യ ഏജൻസികൾ വഴി നിയമനങ്ങൾ നടത്തിയതിന് കാരണം വെളിപ്പെടുത്തുമോ ; ഇപ്രകാരം നിയമനം നടത്തുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പ്രസ്തുത നിയമനങ്ങളെക്കുറിച്ചന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടിയെടുക്കുവാനും ഇപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിടാനും നടപടി കൈക്കൊള്ളുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ&ബി) കരാർ അടിസ്ഥാനത്തിൽ 3/6 മാസത്തേയ്ക്ക് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്†.

(സി) തൊഴിൽ റിക്രൂട്ട്മെന്റ് ഏജൻസികളുടെ പേരു വിവരം അനുബന്ധമായി (2) ചേർത്തിട്ടുണ്ട്†.

(ഡി) കൺസോളിഡേറ്റഡ് പേയാണ് ഇവർക്ക് നൽകുന്നത് വിശദാംശം അനുബന്ധം (3) ആയി ചേർത്തിട്ടുണ്ട്†. ബോർഡ് ഹെഡ്ഓഫീസിൽ നിയമിച്ച അസിസ്റ്റന്റ് ആർക്കിടെക്റ്റ് തസ്തികയ്ക്ക് 7450-11475 രൂപ ശമ്പളസ്കെയിൽ നൽകിയിട്ടുണ്ട്.

(ഇ&എഫ്) ഇല്ല കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങളായതിനാലാണ് പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താതിരുന്നത്.

സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം

28 (*418) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വന്നതെന്നാണ് ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെന്ന് വിശദമാക്കുമോ ;

---

† അനുബന്ധം V, V 'എ', V 'ബി'

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്ഥാപനം ഇതുവരെ സർവ്വവിജ്ഞാനകോശത്തിന്റെ എത്ര വാല്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് ;

(ഡി) ഏതെല്ലാം വർഷങ്ങളിലാണ് അവ പ്രസിദ്ധീകരിച്ചിട്ടുള്ളത് ;

(ഇ) ഏറ്റവും ഒടുവിലത്തെ വാല്യം പ്രസിദ്ധീകരിച്ചതിനുശേഷം ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) 1961-ൽ

(ബി) വിദ്യാഭ്യാസരംഗത്തും ഭരണതലത്തിലും കോടതികളിലുമെല്ലാം വ്യവഹാര മാധ്യമം മാതൃഭാഷയിലാക്കണമെന്ന നയം കേരള സർക്കാർ അംഗീകരിച്ചതിന്റെ ഭാഗമായിട്ടാണ് സർവവിജ്ഞാനകോശം വകുപ്പ് 1961 ൽ ആരംഭിച്ചത്. ലോക വിജ്ഞാനം മലയാള ഭാഷയിലൂടെ കേരളീയർക്ക് ലഭ്യമാക്കാൻ ഉതകുന്ന ബൃഹത് പദ്ധതി വിഭാവനം ചെയ്യപ്പെട്ട് ഇരുപത് വാല്യങ്ങളിൽ പ്രകാശിപ്പിക്കുവാനാണ് പരിപാടിയിട്ടിരിക്കുന്നത്. സമാനമായ മറ്റ് ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

(സി) സർവ്വവിജ്ഞാനകോശത്തിന്റെ പത്ത് വാല്യങ്ങൾ പ്രസിദ്ധീകരിച്ച് കഴിഞ്ഞു.

(ഡി) സർവ്വ വിജ്ഞാന കോശം വാല്യം.

വാല്യം 1. 1972 ഡിസംബർ
വാല്യം 2. 1974 ഡിസംബർ
വാല്യം 3. 1976 ആഗസ്റ്റ്
വാല്യം 4. 1978 മാർച്ച്
വാല്യം 5. 1979 ആഗസ്റ്റ്
വാല്യം 6. 1981 ആഗസ്റ്റ്
വാല്യം 7. 1984 ജൂലൈ
വാല്യം 8. 1987 മേയ്
വാല്യം 9. 1990 ജൂൺ
വാല്യം 10. 1995 ഡിസംബർ

(ഇ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ സ്തംഭിച്ചിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തിരിക്കുന്ന സർവ്വവിജ്ഞാന കോശം, സാഹിത്യവിജ്ഞാന കോശം എന്നീ വാല്യങ്ങളുടെ പ്രസിദ്ധീകരണത്തോടൊപ്പം തന്നെ പുതിയ സംരംഭമായ

LIBRARY ARCHIVES Kerala Legislative Assembly

പരിസ്ഥിതി വിജ്ഞാന കോശം, ആധുനിക കലാസാഹിത്യ സിദ്ധാന്തങ്ങൾ, ആരോഗ്യവിജ്ഞാന കോശം എന്നീ വാല്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും വാല്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ഒരു ഡിറ്റി.പി. സിസ്റ്റം സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തീരക്കടൽ മത്സ്യബന്ധനം

29 (*419) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യം പിടിക്കുന്നതിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി) ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ ; എങ്കിൽ ഈ നിയമനിർമ്മാണം എന്നത്തേയ്ക്കുണ്ടാകുമെന്ന് വിശദമാക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ,ബി&സി) മത്സ്യം പിടിക്കുന്നവർക്ക് മാത്രമായി മത്സ്യബന്ധനത്തിലെ ആസ്തികളുടെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തുന്ന ഒരു ജലപരിഷ്കരണം സംസ്ഥാനത്തിന്റെ തീരക്കടൽ പ്രദേശത്തേയ്ക്കായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ട്. നിയമനിർമ്മാണം ആവശ്യമായ ഇക്കാര്യത്തിൽ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടേയുള്ളൂ.

ഫിഷറീസ് നയം

30 (*420) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഫിഷറീസ് നയത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നയത്തിൽ കടലോര മത്സ്യബന്ധന നിയന്ത്രണ നിയമത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നത് സംബന്ധിച്ച് ദേശീയ നയത്തോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly